## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 4 — 26-09-2011 -ൽ ഇടക്കാല മറുപടി നൽകിയിരുന്നത്.

### മദ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ :<br>ഡോ. കെ.ടി.ജലീൽ :<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.വി.ചെന്താമരാക്ഷൻ : | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച 'മദ്യനയം' സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (എ) സർക്കാരിന്റെ മദ്യനയം സംബന്ധിച്ച അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ സ്വാഗതാർഹമാണ്. |
| (ബി) മദ്യനയം രൂപീകരിക്കുന്നതിന് മുമ്പ് ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി; | (ബി) ചെത്തു തൊഴിലാളി / വിദേശമദ്യതൊഴിലാളി സംഘടനകൾ, ബാർ ഉടമകൾ, ഡിസ്റ്റിലറി / ബ്രൂവറി ഉടമകൾ, മദ്യവിരുദ്ധ-മദ്യനിരോധന സംഘടനകൾ, ഡീ-അഡിക്ഷൻ സെന്ററുകൾ - നടത്തുന്ന സന്നദ്ധ സംഘടനകൾ / വ്യക്തികൾ, മതമേലദ്ധ്യക്ഷൻമാർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. |
| (സി) തൊഴിലാളി സഹകരണ സംഘങ്ങളെ കള്ളുഷാപ്പ് നടത്തുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്; | (സി) തൊഴിലാളി സഹകരണ സംഘങ്ങൾ നടത്തിയ ചില ഷാപ്പുകളിൽ വ്യാജകള്ള് കണ്ടെത്തിയതിനെ തുടർന്ന് കേസ് എടുക്കുകയും, ലൈസൻസ് റദ്ദു ചെയ്ത് ഷാപ്പുകൾ അടച്ചിടേണ്ട സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കള്ളു ഷാപ്പുകളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനായാണ് നയപരമായ ഈ തീരുമാനം എടുത്തിട്ടുള്ളത്. |
| (ഡി) മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ആവശ്യം ഉണ്ടായിരുന്നുവോ; ഈ നിർദ്ദേശം അവഗണിച്ചത് എന്തുകൊണ്ടാണ്; | (ഡി) ഉണ്ടായിരുന്നു. 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (23-ാം ആക്റ്റ്) പ്രകാരവും, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (33-ാം നമ്പർ ഓർഡിനൻസ്) പ്രകാരവും, മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട്, ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| (ഇ) | ഭാവിയിൽ ബാറുകൾക്ക് ലൈസൻസ് നൽകുന്നതിന് ടൂറിസം ഡെസ്റ്റിനേഷനുകളെ പ്രഖ്യാപിച്ചിട്ടുണ്ടോ; ഏത് മാനദണ്ഡപ്രകാരമാണ് ഡെസ്റ്റിനേഷനുകൾ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | ഉണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളെന്ന് ടൂറിസം വകുപ്പ് നോട്ടിഫൈ ചെയ്ത സ്ഥലങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ